# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിന്റെ ആധുനികവല്‍ക്കരണം</u>

1762 ശ്രീ.വി. ഡി. സതീശന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, സി. പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് വകുപ്പ് ആധുനികവല്‍കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികള്‍ക്കാണ് രൂപം നല്‍കിയിട്ടുള്ളത്;

(ബി) ഉന്നത നിലവാരത്തിലുള്ള വിനിമയ ശൃംഖലയ്ക്കും അത്യാധുനിക ആയുധങ്ങള്‍ക്കും ഗതാഗത സൗകര്യങ്ങള്‍ക്കുമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതികളില്‍ ഉള്‍ക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) നവീകരണപദ്ധതിയുടെ ഭാഗമായി എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് വകുപ്പില്‍ ഏര്‍പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ബജറ്റിൽ എക്സൈസ് വകുപ്പിന് നീക്കിവച്ച തുക

1763

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -13 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പിന് ബജറ്റിൽ നീക്കിവച്ചിട്ടുള്ള തുക എത്ര;

(ബി) ഇതുവരെ ബജറ്റിന്റെ എത്ര ശതമാനം തുക ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മദ്യനയം രൂപപ്പെടുത്തുന്നതിനായി ഏകാംഗ കമ്മീഷൻ</u>

1764 ശ്രീ. പി. കെ. ഗുരുദാസൻ
,, ബാബു എം. പാലിശ്ശേരി
,, വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസുകൾ അനുവദിക്കുന്നതിൽ വിവേചനം പാടില്ലായെന്ന കേരള ഹൈക്കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) അബ്കാരി നയത്തിൽ ഭേദഗതി വരുത്തുന്നതിനായി ശുപാർശകൾ തേടാൻ ഏകാംഗ കമ്മീഷനെ നിയോഗിക്കാൻ തീരുമാനിച്ചത് ഏപ്പോഴായിരുന്നു; അതിനിടെ പുതുതായി ബാർ ലൈസൻസുകൾ അനുവദിക്കുകയുണ്ടായോ; എങ്കിൽ ആർക്കൊക്കെ; യഥാർത്ഥത്തിൽ ത്രീസ്റ്റാർ ഹോട്ടലുകൾക്ക് ബാർലൈസൻസ് നൽകേണ്ടതില്ലെന്ന നയം സർക്കാരിനുണ്ടോ;

(സി) ഈ വർഷത്തേക്ക് പ്രഖ്യാപിച്ച മദ്യനയം നിലനില്ക്കുന്നുണ്ടോ;

(ഡി) അടുത്ത വർഷത്തേയ്ക്കുള്ള മദ്യനയം രൂപ്പെടുത്തുന്നതിനാണോ ഏകാംഗ കമ്മീഷനെ നിയോഗിച്ചിരിക്കുന്നത്?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മദ്യാസക്തിക്കെതിരായ പ്രചരണം</u>

1765 ശ്രീ. സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യാസക്തിക്കെതിരായ പ്രചരണം വിജയകരമായി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുതപരിപാടികളുടെ സവിശേഷതകളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്;

(സി) പ്രചരണങ്ങൾ ആസൂത്രിതവും സംഘടിതവും പ്രായോഗികവും വിജയകരവുമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>മദ്യവിമുക്ത കേരളം പരിപാടി</u>

1766 ശ്രീ. എം. എ. വാഹീദ്
,, കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ
,, ഡൊമനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യവിമുക്ത കേരളം പരിപാടി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സ്കൂൾ, കോളേജ് കാമ്പസ്സുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും നയപരിപാടികളിലൂടെ കുടുംബങ്ങളെ ബോധവൽക്കരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സന്നദ്ധസംഘടനകൾ, സർക്കാർ മാദ്ധ്യമങ്ങൾ എന്നിവയുടെ സഹകരണം പ്രസ്തുത പരിപാടിക്ക് പ്രയോജനപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>മദ്യാസക്തി കുറയ്ക്കുന്നതിനു നടപടി</u>

1767 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ മദ്യാസക്തി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതു കുറയ്ക്കുന്നതിന് എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) മദ്യാസക്തി ലഘൂകരിക്കുന്നതിന് ഘട്ടംഘട്ടമായി നടപടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുമോ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

വ്യാജമദ്യം വിൽക്കപ്പെടാതിരിക്കാൻ നടപടികൾ

1768 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, വി. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യം വില്ക്കപ്പെടാതിരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) മദ്യകുപ്പിയിൽ പതിക്കാനുള്ള ഹോളോഗ്രാം നിർമ്മാണ ചുമതല പൊതുമേഖലയിലാണോ നടന്നുവരുന്നത്; നിലവിലുള്ള ചുമതല ആർക്കാണ്;

(സി) നിർമ്മാണ ചുമതല ഏല്പിക്കുന്നതിന് പുതിയ ടെണ്ടർ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ടെണ്ടർ വ്യവസ്ഥകളിൽ പുതുതായി എന്തെല്ലാം വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിന്റെ ഉദ്ദേശ്യം എന്താണ്;

(ഡി) ബിവറേജസ് കോർപ്പറേഷന് മദ്യം സപ്ലൈ ചെയ്യുന്ന കമ്പനികൾക്ക് ഹോളോഗ്രാം നിർമ്മാണം നടത്തുന്നവരിൽ നിന്നും അത് ലഭിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എന്തെല്ലാമാണ്; അങ്ങിനെ ലഭിച്ചാൽ നികുതി വെട്ടിപ്പിനിടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണം സ്വകാര്യകമ്പനിയ്ക്ക് നൽകിയാൽ നികുതിവെട്ടിപ്പിനുള്ള സാദ്ധ്യത വർദ്ധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>അബ്കാരി കുറ്റവാളികളെ നേരിടുന്നതിനായി ദ്രുതകർമ്മ സേന</u>

1769 ശ്രീ. അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അബ്കാരി കുറ്റവാളികളെ നേരിടുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഈ ലക്ഷ്യം നേരിടുന്നതിന് ഒരു ദ്രുതകർമ്മ സേനയ്ക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സേനയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ്:

(ഡി) കുറ്റവാളികളെ നേരിടുന്നതിന് നിലവിലുള്ള സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരുവാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

മദ്യത്തിന്റെ ഗുണനിലവാം പരിശോധിക്കാൻ ശാസ്ത്രീയ പരിശോധനാ ലാബുകൾ

1770 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എത്ര ശാസ്ത്രീയ പരിശോധനാ കേന്ദ്രങ്ങൾ (ലാബ്) കേരളത്തിൽ നിലവിലുണ്ട് എന്നത് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) നിലവിലുള്ള പരിശോധനാകേന്ദ്രങ്ങളുടെ എണ്ണം അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പരിശോധനാകേന്ദ്രങ്ങൾ ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ബാറുകളിൽ മദ്യ വില്പനയ്ക്കുള്ള പരിധി</u>

1771

ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, സി. കൃഷ്ണൻ
,, കെ. ദാസൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ വ്യാപകമായ ലഭ്യത ജനങ്ങളിൽ, പ്രത്യേകിച്ച് യുവാക്കളിൽ, മദ്യപാന ആസക്തി വർദ്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാരണങ്ങൾ പറഞ്ഞ് ബിവറേജസ് കോർപ്പറേഷൻ ആരംഭിക്കാനിരുന്ന എത്ര ഔട്ട്ലെറ്റുകൾ ഈ സർക്കാരിന്റെ ആദ്യഘട്ടത്തിൽ റദ്ദുചെയ്യുകയുണ്ടായി;

(സി) ആയതിനു ശേഷവും പുതുതായി ബാറുകൾക്ക് ലൈസൻസ് നൽകുകയുണ്ടായോ; എങ്കിൽ എത്ര; പുതുതായി അനുവദിച്ച ബാറുകളിൽ മദ്യം വില്ക്കുന്നതിന് എന്തെങ്കിലും പരിധി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ പുതുതായി അനുവദിച്ച ബാറുകൾ വഴി ഇതിനകം വിറ്റ മദ്യത്തിന്റെ കണക്കുകൾ ലഭ്യമാണോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ബാറുകൾക്ക് അനുമതി നൽകുന്നതിനുള്ള നിബന്ധനകൾ

1772 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാറുകൾക്ക് അനുമതി നൽകുന്നതിനുള്ള നിബന്ധനകളിൽ ഈ സർക്കാർ വരുത്തിയിട്ടുള്ള മാറ്റങ്ങളും, പുതിയ വ്യവസ്ഥകളും വിശദീകരിക്കാമോ?

**കേരള നിയമസഭ**
**25.03.2013-ലെ മറുപടിക്ക്**

<u>പുതുക്കിയ ബാർ ലൈസൻസുകൾ</u>

1773 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ബാർ ലൈസൻസുകൾ പുതുക്കി നൽകുകയുണ്ടായി; അവ ഏതെല്ലാം;

(ബി) എത്ര പഞ്ചായത്ത് പ്രദേശങ്ങളിൽ ഈ സർക്കാർ പുതുതായി ബാർ ലൈസൻസ് നൽകിയിട്ടുണ്ട്;

(സി) ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയതിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മദ്യഷാപ്പുകൾക്ക് ലൈസൻസ്</u>

1774 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മദ്യഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കുന്നതിന് നിയന്ത്രണങ്ങളും പ്രവർത്തനസമയം ചുരുക്കുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശവും ഉത്തരവുകളും ലഭ്യമാക്കുമോ;

(ബി) പുതിയ എത്ര മദ്യഷാപ്പുകളും, ബാറുകളും, ഹോട്ടലുകളും ആരംഭിച്ചിട്ടുണ്ട്;

(സി) 2012 ഡിസംബർ 31ന് ബീവറേജ് ഔട്ട്ലെറ്റുകൾ വഴി വിറ്റ മദ്യത്തിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) വർദ്ധിച്ചു വരുന്ന മദ്യപാനശീലം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണപരിപാടികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കള്ളുഷാപ്പുകൾക്കും മദ്യഷാപ്പുകൾക്കും ലൈസൻസ്</u>

1775

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര കള്ള് ഷാപ്പുകൾക്കും വിദേശ മദ്യ ഷാപ്പുകൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്;

(ബി) മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നത് നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കള്ളുല്പാദനം</u>

1776 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രതിദിനം എത്ര ലിറ്റർ തെങ്ങിൻകള്ള് ഉൽപ്പാദിപ്പിക്കുന്നു എന്നു കണക്കാക്കിയിട്ടുണ്ടോ;

(ബി) ഉൽപ്പാദിപ്പിക്കുന്ന കള്ളിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) കേരളത്തിൽ എത്ര തൊഴിലാളികൾ കള്ളുചെത്തു വ്യവസായവുമായി ബന്ധപ്പെട്ട് നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>പിടിച്ചെടുത്ത വിദേശമദ്യത്തിന്റെ കണക്ക്</u>

1777 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോവർഷവും സംസ്ഥാനത്തേക്ക് അനധികൃതമായി കടത്തികൊണ്ടുവരുന്നതിനിടെ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത വിദേശമദ്യത്തിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മാഹിയിൽ നിന്നും അനധികൃതമായി കടത്തുന്ന വിദേശമദ്യം</u>

1778

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാഹിയിൽ നിന്നും അനധികൃതമായി കടത്തുന്ന വിദേശമദ്യം പിടിക്കുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിക്കുന്ന നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) 2011-12, 2012-13 വർഷങ്ങളിൽ ഇപ്രകാരം കടത്തിയ എത്ര ലിറ്റർ വിദേശമദ്യം പിടിച്ചെടുത്തിട്ടുണ്ട്;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷന്റെ സാമൂഹികപ്രതിബദ്ധത

1779 ശ്രീ. പാലോട് രവി
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ സാമൂഹികപ്രതിബദ്ധതയുടെ ഭാഗമായി എന്തെല്ലാം കർമ്മപരിപാടികളാണു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സർക്കാരിതരസംഘടന നടത്തുന്ന ഡി–അഡിക്ഷൻ കേന്ദ്രങ്ങൾക്ക് എന്തെല്ലാം സഹായമാണ് ഇതിലൂടെ നൽകാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭനടപടികളാണു കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷൻ വാങ്ങിയ മദ്യ ഉൽപന്നങ്ങൾ</u>

1780 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011–12, 2012–13 സാമ്പത്തിക വർഷത്തിൽ ബിവറേജസ് കോർപ്പറേഷൻ ഏതെല്ലാം മദ്യ കമ്പനികളിൽ നിന്നും എന്തു തുകയുടെ ഉൽപ്പന്നങ്ങൾ വാങ്ങുകയുണ്ടായി ? ഈ ഇനത്തിൽ ഓരോ വർഷവും ചിലവായ മൊത്തം തുക എത്ര?

(ബി) 2013–14 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയുടെ എന്തെല്ലാം മദ്യഉൽപന്നങ്ങൾ ബിവറേജസ് കോർപറേഷൻ വാങ്ങാനുദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷൻ എം.ഡി.യെ തത്സ്ഥാനത്തുനിന്ന് നീക്കാൻ നടപടി

1781 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യത്തിന്റെ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വില വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ബിവറേജസ് കോർപ്പറേഷൻ എം.ഡി.യെ തത്സ്ഥാനത്തുനിന്ന് നീക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ആരാണു പ്രസ്തുതപരാതി നൽകിയതെന്നും, അതിന്റെ കാരണവും വ്യക്തമാക്കുമോ;

(ഡി) ബിവറേജസ് കോർപ്പറേഷൻ എം.ഡി.യെ തത്സ്ഥാനത്തുനിന്നും നീക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മദ്യകുപ്പികളിൽ പതിക്കുന്ന ഹോളോഗ്രാം നിർമ്മാണം</u>

1782 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യകുപ്പികളിൽ പതിക്കുന്ന ഹോളോഗ്രാം നിർമ്മാണം സി.ഡിറ്റിൽ നിന്നും മാറ്റി കർണാടകത്തിലെ സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഹോളോഗ്രാം നിർമ്മാണത്തിനായി സി.ഡിറ്റും, ബിവറേജസ് കോർപ്പറേഷനും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോഴും പ്രസ്തുത കരാർ നിലനിൽക്കുന്നുണ്ടോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസുകൾ</u>

1783 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ എത്ര ഓഫീസുകളാണ് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് റേഞ്ച്, സർക്കിൾ, ഡിവിഷൻ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഓരോ ജില്ലയിലും സ്വന്തമായി എത്രമാത്രം ഭൂമിയാണ് വകുപ്പിനുള്ളതെന്നും ഇങ്ങനെ ഭൂമിയുണ്ടായിരുന്നിട്ടും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലുള്ള എത്ര എക്സൈസ് ഓഫീസ് കെട്ടിടങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ അനുമതി</u>

1784 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ആശുപത്രിയ്ക്കു സമീപം എക്സൈസ് ഓഫീസിനു മുന്നിലായി അപകടകരമായി നിൽക്കുന്ന വൈദ്യുത ട്രാൻസ്ഫോർമർ, എക്സൈസ് ഓഫീസ് കോമ്പൗണ്ടിനുള്ളിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ ഇലക്ട്രിസിറ്റി ബോർഡ് എക്സൈസ് വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി നൽകിയോ;

(സി) ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ; അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ഇരിട്ടി, പേരാവൂർ എക്സൈസ് ഓഫീസുകൾക്ക് കെട്ടിടം</u>

1785 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ ഇരിട്ടി, പേരാവൂർ എക്സൈസ് ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പേരാവൂർ, ഇരിട്ടി എക്സൈസ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പൊന്നാനി കാർഗോ പോർട്ട്</u>

1786 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കാർഗോ പോർട്ടിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പരിസ്ഥിതി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ഡി) പോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാവുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തെ നവീകരിക്കുന്നതിന് നടപടി

1787 ശ്രീ. എം. ഉമ്മർ
,, പി. ഉബൈദുള്ള
,, പി. കെ. ബഷീർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിനു കീഴിൽ നിലവിൽ എത്ര നിരീക്ഷണ കപ്പലുകൾ ഉണ്ട്;

(ബി) പ്രസ്തുത കപ്പലുകൾ നിയമപ്രകാരം എത്ര വർഷം വരെ ഉപയോഗിക്കാം;

(സി) ഇപ്പോൾ ഉപയോഗിക്കുന്ന നിരീക്ഷണ കപ്പലുകൾ എത്ര വർഷം പഴക്കമുളളവയാണ് വിശദീകരിക്കാമോ;

(ഡി) തീരദേശസുരക്ഷ ശക്തിപ്പെടുത്തുന്നതിന് ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തെ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിനുള്ള ദൂരപരിധി</u>

1788 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എന്തു നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നു വിശദമാക്കുമോ;

(ബി) ദൂരപരിധി ഏർപ്പെടുത്തിയതു സംബന്ധിച്ച് തൊഴിലാളികൾ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ, ദൂരപരിധി അടിച്ചേൽപ്പിക്കുന്ന നടപടി പിൻവലിക്കുമോ;

(സി) അനുവദനീയമായ 12 നോട്ടിക്കൽ മൈൽ എന്ന ദൂരപരിധി 25 നോട്ടിക്കൽ മൈൽ ആയി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പദ്ധതി</u>

1789

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി ഓരോ ജില്ലയിലും ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി; എത്ര തുക അനുവദിച്ചു; അതിൽ ഓരോ ജില്ലയിലും എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി; എത്ര തുക ചെലവഴിച്ചു; എത്ര മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു;

(സി) "മത്സ്യസമൃദ്ധി" സംസ്ഥാനത്തെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ആണ് നടപ്പിലാക്കിയത്; പാലക്കാട് ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തി; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>സംയോജിത കടൽ സുരക്ഷാ പദ്ധതി</u>

1790 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിക കടൽ സുരക്ഷാ പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>കടൽമണൽ ഖനനം</u>

1791 ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, വി. ശശി
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽമണൽ ഖനനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കടൽ മണൽ ഖനനം ആരംഭിക്കുന്നതിനു മുമ്പായി മത്സ്യത്തൊഴിലാളി സംഘടനകളുമായി ചർച്ചയ്ക്ക് തയ്യാറാകുമോ ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

തീരമൈത്രി പദ്ധതി

1792 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തീരമൈത്രി പദ്ധതി നടപ്പിലാക്കിയതിന്റെ പുരോഗതി തീരദേശ ജില്ല തിരിച്ച് ലഭ്യമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇതിന്റെ ഭാഗമായി എത്ര പേർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്നും ആയതിലേക്ക് എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>തീരമൈത്രി പദ്ധതി</u>

1793 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരമൈത്രി പദ്ധതിക്കായി വകയിരുത്തിയ 8.15 കോടി രൂപയിൽ നാളിതുവരെ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കിയ പരിപാടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ തിരുവനന്തപുരം ജില്ലയിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഭകോൾഡ് ചെയിൻ പദ്ധതി'</u>

1794 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13-ലെ ബജറ്റിൽ തീർദേശ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 'കോൾഡ് ചെയിൻ പദ്ധതിഭക്കായി എത്ര തുക ചെലവഴിച്ചുവെന്നും ഇത് വഴി നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മത്സ്യബന്ധനത്തിനും അക്വാകൾച്ചറിനുമായി പുതിയ നയം</u>

1795 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനും അക്വാകൾച്ചറിനുമായി പുതിയ നയം ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) സുസ്ഥിര മത്സ്യബന്ധനം, അക്വാകൾച്ചർ വ്യവസായം എന്നിവയുടെ അഭിവൃദ്ധിക്കായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) നയം നടപ്പാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കടലിൽ മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം</u>

1796 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സി. കെ. സദാശിവൻ
,, സി. കൃഷ്ണൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് കടലിൽ ഭീഷണി ഉയർത്തുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിദേശകപ്പലുകൾ ഉയർത്തുന്ന ഭീഷണികൾ കണക്കിലെടുത്തിട്ടുണ്ടോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സംരക്ഷണം നൽകാൻ പുതുതായി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) കടൽരക്ഷാ പ്രവർത്തനങ്ങളുടെ അഭാവംമൂലം കഴിഞ്ഞ വർഷം എത്ര മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുകയുണ്ടായി; മരിച്ചവരെത്ര;

(ഇ) അപകടവും ജീവഹാനിയും ഉണ്ടാക്കുന്ന വിദേശ കപ്പലുകളെ നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി</u>

T. 1797 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ മാർക്കറ്റ് റേറ്റിൽ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നോ എന്നും പ്രസ്തുത പ്രഖ്യാപനപ്രകാരമുള്ള മണ്ണെണ്ണ മാർക്കറ്റിൽ ലഭ്യമായി തുടങ്ങിയോ എന്നും വ്യക്തമാക്കുമോ; എത്ര രൂപ നിരക്കിലാണ് പ്രസ്തുത മണ്ണെണ്ണ വിതരണം ചെയ്യുന്നതെന്നും എത്ര ലിറ്റർ മണ്ണെണ്ണ വീതമാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത് എന്നും വിശദീകരിക്കുമോ; മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നത് എവിടെനിന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമർദ്ദം ചെലുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധത്തിനാവശ്യമായ മണ്ണെണ്ണ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നു പറയാമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>യന്ത്രവല്‍കൃത യാനങ്ങളുടെ എഞ്ചിനുകള്‍ക്കുള്ള ഏകദിന സംയുക്ത പരിശോധന</u>

1798

ശ്രീ. പി. കെ. ഗുരുദാസന്‍
,, എ. പ്രദീപ്കുമാര്‍
,, എ. എം. ആരിഫ്
,, എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരമ്പരാഗതമായി മത്സ്യബന്ധനത്തിനുപയോഗിക്കുന്ന യന്ത്രവല്‍കൃത യാനങ്ങളുടെ എഞ്ചിനുകള്‍ ഏകദിന സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) എത്ര എഞ്ചിനുകള്‍ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി; പരിശോധനയില്‍ യോഗ്യമായ എഞ്ചിനുകള്‍ എത്രയായിരുന്നു; അല്ലാത്തവ എത്ര; പരിശോധനയെ തുടര്‍ന്ന് ലഭിച്ച പരാതികള്‍ എത്ര; ഇവയില്‍ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) യോഗ്യമായ വിവിധ ഇനം എഞ്ചിനുകള്‍ക്ക് ഓരോന്നിനും പ്രതിമാസം എത്ര ലിറ്റര്‍ മണ്ണെണ്ണ ആവശ്യമായി വരും; എത്ര ലിറ്റര്‍ നിരക്കിലാണ് ഇപ്പോള്‍ മണ്ണെണ്ണ അനുവദിച്ചിരിക്കുന്നത്;

(ഡി) വിതരണം മത്സ്യഫെഡിനെ ഏല്പിച്ചതിനു ശേഷമുള്ള സ്ഥിതിഗതികള്‍ പരിശോധിച്ചിട്ടുണ്ടോ;

(ഇ) സബ്സിഡി നിരക്കില്‍ കൂടുതല്‍ മണ്ണെണ്ണ ബോട്ടുകള്‍ക്ക് അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടപരിഹാരം

1799 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ഉപകരണങ്ങൾ കടൽക്ഷോഭത്തിലും പ്രകൃതിക്ഷോഭത്തിലും നഷ്ടപ്പട്ട മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള നഷ്ടപരിഹാര തുക എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ:

(ബി) പ്രകൃതിക്ഷോഭത്തിലും കടൽ ക്ഷോഭത്തിലും മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് ഈ സർക്കാർ ചേർത്തല താലൂക്കിൽ എത്ര രൂപ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതി</u>

1800 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

മത്സ്യ തൊഴിലാളികൾക്ക് കടാശ്വാസം

1801 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൽസ്യതൊഴിലാളി കടം എഴുതിത്തള്ളുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും, ഗുണഭോക്താക്കൾ എത്ര പേരെന്നും വ്യക്തമാക്കുമോ;

(ബി) പുതുതായി എത്ര പേർക്കാണ് കടാശ്വാസം അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം സർക്കാർ കടാശ്വാസ ഇനത്തിൽ തുക അനുവദിക്കാത്തത് മൂലം പലിശ, പിഴപ്പലിശ എന്നിവ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം

1802 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിച്ചു നൽകുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഏജൻസികൾ ഏതാണെന്നും, നിർവ്വഹണ ഏജൻസി ആരാണെന്നും അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിൽ പ്രസ്തുത പദ്ധതി നാളിതുവരെ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തണൽ പദ്ധതി</u>

1803 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തികസഹായമെത്തിക്കുന്ന 'തണൽ' പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും എങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) നിലവിൽ ധനസഹായം അനുവദിക്കപ്പെട്ടിട്ടുളളവർക്ക് ലഭിച്ച ധനസഹായം ഭാഗികമായി കൈപ്പറ്റി വീടിന്റെ പണി പൂർത്തിയായിട്ടില്ലെങ്കിൽ, വർദ്ധിപ്പിച്ച തോതിലുളള ധനസഹായം ലഭിക്കുമോ എന്നും ഇല്ലെങ്കിൽ അതിനുളള നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ?

**കേരള നിയമസഭ**
**25.03.2013-ലെ മറുപടിക്ക്**

<u>മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമുള്ള സഹായധനങ്ങൾ</u>

1804 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ഇപ്പോൾ നൽകിവരുന്ന സഹായധനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) ഇവരുടെ ചികിത്സാച്ചെലവ് ഏറ്റെടുക്കുന്നതിനു നിലവിൽ എന്തെങ്കിലും പദ്ധതി ഉണ്ടോ;

(സി) എങ്കിൽ, ആയതിന് വിപുലമായ ഒരു പദ്ധതി നടപ്പാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികള്‍ക്ക് തൊഴില്‍ സാദ്ധ്യതകള്‍ വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

1805 ശ്രീ. ജോസഫ് വാഴക്കന്‍
,, വി. റ്റി. ബല്‍റാം
,, ഷാഫി പറമ്പില്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികള്‍ക്ക് തൊഴില്‍ സാദ്ധ്യത വര്‍ദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ഈ പദ്ധതികളനുസരിച്ച് എന്തെല്ലാം ധനസഹായങ്ങളാണ് തൊഴിലാളികള്‍ക്ക് ലഭിക്കുന്നത് ;

(സി) ഏത് ഏജന്‍സി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

## മത്സ്യത്തൊഴിലാളിക്ക് വീടു വക്കുന്നതിനുള്ള ധനസഹായം

1806 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇ. എം. മുഹമ്മദ്, S/o കുഞ്ഞുമൊയ്തീന്‍കുട്ടി, കോച്ചന്‍വീട്, എടക്കഴിയൂര്‍ പി.ഒ. എന്നയാള്‍ക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയില്‍ നിന്നും വീടു നിര്‍മ്മിക്കുന്നതിനുള്ള ധനസഹായം തൃശൂര്‍ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടര്‍ നിഷേധിച്ചതിന്റെ കാരണങ്ങള്‍ വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളിക്ക് കൈവശാവകാശരേഖ ഉണ്ടായിട്ടും വീടുവെയ്ക്കുന്നതിനുള്ള ആനുകൂല്യം നിഷേധിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളിയുടെ ഭവനനിര്‍മ്മാണത്തിന് സി.ആര്‍.ഇസെഡ്. പരിധിയിലുള്ള ഭൂമിയെന്നു പറഞ്ഞ് അനുമതി നല്‍കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തീരദേശ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ</u>

1807 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ഫിഷ് കിയോസ്ക്കുകൾ

1808 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കാനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ഫിഷറീസ് മ്യൂസിയം

1809 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക ഫിഷറീസ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ഫിഷറീസ് മ്യൂസിയം വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിനെ ഫിഷറീസ് മ്യൂസിയമായി ഉയർത്തുന്നതിന് ആവശ്യമായ ധനസഹായം അനുവദിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പുതിയാപ്പയിലുള്ള ഫിഷറീസ് ഗസ്റ്റ്ഹൗസിന്റെ നവീകരണം</u>

1810 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതിയാപ്പയിലുള്ള ഫിഷറീസ് ഗസ്റ്റ്ഹൗസ് നവീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫിഷറീസ് ഗസ്റ്റ്ഹൗസിന്റെ നവീകകരണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

## ഫിഷറീസ് വകുപ്പിന്റെ വൈപ്പിൻ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

1811 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫിഷറീസ് വകുപ്പു മുഖേന വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം പ്രവർത്തികൾക്കായി എത്ര രൂപയുടെ ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഫിഷറീസ് വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ റോഡുകൾക്കനുവദിച്ച ഫണ്ട്</u>

1812 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തീരദേശമേഖലയിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ ഏതെല്ലാം റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഓരോ വർക്കിനെയും സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും സ്ഥലം എം.എൽ.എ ഏതെല്ലാം റോഡുകൾ നവീകരിക്കുന്നതിനാണ് ആവശ്യപ്പെട്ടതെന്നും ഇതിൽ ഏതെല്ലാമാണ് അനുവദിച്ചതെന്നും അറിയിക്കാമോ;

(ഡി) ഡിപ്പാർട്ട്മെന്റ് ഏതെല്ലാം റോഡുകൾക്കാണ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നതെന്നും ഇവയിൽ ഏതെല്ലാമാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കായിക്കര പാലം നിർമ്മാണം</u>

1813

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായിക്കരയേയും വക്കത്തേയും ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകാമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>പോള വാരൽ</u>

1814 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പോള വാരുന്നതിന് മുംബൈ ആസ്ഥാനമായ കരാറുകാരന് എന്ന് മുതലാണ് കരാർ നൽകിയതെന്നും കരാർ കാലാവധി എന്നുവരെ എന്നും എഗ്രിമെന്റിന്റെ പകർപ്പ് സഹിതം വിശദമാക്കുമോ;

(ബി) പോള വാരുന്നതിന് വീഡ് ഹാർവസ്റ്റർ മെഷീന് പകരം ജെ.സി.ബി ഉപയോഗിക്കാമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്തിരുന്നോ; ഇല്ലെങ്കിൽ ജെ.സി.ബി ഉപയോഗിക്കുന്നതിന് സർക്കാരിന്റെ ഉത്തരവ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ജെ.സി.ബി ഉപയോഗിച്ച് പോള വാരുന്നതുകൊണ്ടുള്ള പാരിസ്ഥിതിക ആഘാതവും മറ്റ് അപകടങ്ങളും വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എഗ്രിമെന്റ് വച്ച് മാസങ്ങൾക്കുശേഷവും കരാറുകാരൻ വീഡ് ഹാർവസ്റ്റർ മെഷീൻ ഉപയോഗിച്ച് പോളവാരൽ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ജെ.സി.ബി ഉപയോഗിച്ച് പോളവാരുന്നതിന് ക്യൂബിക് മീറ്ററിന് 220 രൂപയും ടാക്സും നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പോളവാരുന്ന കരാറുകാരൻ ഇതിനു മുമ്പ് എവിടെയൊക്കെ സമാനപ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയം ഉണ്ടോ എന്നും വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത കരാറുകാരന്റെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

**കേരള നിയമസഭ**
**25.03.2013–ലെ മറുപടിക്ക്**

(ജി) നാളിതുവരെയും വീഡ് ഹാർവസ്റ്റർ മെഷീൻ പോള വാരുന്നതിന് ഉപയോഗിക്കാതെ ജെ.സി.ബി ഉപയോഗിച്ചതുമായി ബന്ധപ്പെട്ട ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) പോള വാരുന്നതിനുള്ള പ്രസ്തുത കരാർ റദ്ദു ചെയ്യുന്നതിനും റീ ടെൻഡർ ചെയ്യുന്നതിനും സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

1815 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതി വിശദീകരിക്കാമോ;

(ബി) 2013-14 വർഷം വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) തിരൂർ നിയോജകമണ്ഡലത്തിൽ സംയോജിത മത്സ്യഗ്രാമ പദ്ധതിയിൽപ്പെടുത്തി ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്ക് എത്ര തുക വിനിയോഗിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കാൻ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

ആധുനിക മത്സ്യമാർക്കറ്റുകൾ

1816 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൻപത് ആധുനിക മത്സ്യമാർക്കറ്റുകൾ ആരംഭിക്കുന്നതിനായി 2012 –13ലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം മാർക്കറ്റുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പുതിയങ്ങാടി മത്സ്യഗ്രാമത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

1817 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യഗ്രാമത്തിൽ മത്സ്യബന്ധനവും തുറമുഖവും വകുപ്പു മുഖേന എന്തൊക്കെ പദ്ധതികളാണു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇപ്പോൾ ഏതെല്ലാം പദ്ധതികളാണു നടപ്പിലാക്കിവരുന്നതെന്നു വിശദീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പത്തിയൂർ ഗ്രാമപഞ്ചായത്തിലെ മത്സ്യമാർക്കറ്റ്</u>

1818

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ പത്തിയൂർ ഗ്രാമപഞ്ചായത്തിലെ മത്സ്യചന്ത അനാരോഗ്യകരമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പുനരുദ്ധരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ മത്സ്യമാർക്കറ്റ് നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>സിയാൽ സൗരോർജ്ജ പദ്ധതി</u>

1819 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സിയാൽ സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എന്ത് തുക ചെലവിൽ, ഏത് ഏജൻസി വഴി, ഏത് സ്ഥാപനത്തിന്റെ സാങ്കേതിക മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിൽ വരുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ടോ; എന്നു മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ; ഉൽപ്പാദനത്തിലൂടെ പ്രതിദിനം ഉൽപ്പാദിപ്പിക്കാവുന്ന വൈദ്യുതി എത്രയെന്നാണ് കണക്കാക്കിയിരിക്കുന്നത്; വർഷം മുഴുവൻ വൈദ്യുതി ഉൽപ്പാദനം പ്രതീക്ഷിക്കുന്നുണ്ടോ;

(സി) പദ്ധതിക്ക് മൊത്തം എന്തു തുക ചെലവായി; എന്തെല്ലാം നിലയിലുള്ള സബ്സിഡികൾ പ്രതീക്ഷിക്കുന്നു; ഏതെല്ലാം ഏജൻസികളുടെ അനുമതി വാങ്ങേണ്ടതായിട്ടുണ്ട്;

(ഡി) പദ്ധതിയുടെ നിക്ഷേപപ്രയോജന വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?